# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2719 — 12.10.2011 ൽ മറുപടിയ്ക്ക്

### സഹകരണ ബാങ്കുകളിലെ തെരഞ്ഞെടുപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) ത്രിതല സഹകരണ ബാങ്കുകളിലേയ്ക്കുള്ള ഭരണ സമിതി തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്ന ഏതൊക്കെ വിഭാഗങ്ങൾക്കാണ് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം അറിയിക്കുമോ; | (എ) ത്രിതല സഹകരണ ബാങ്കുകളിലേക്കുള്ള ഭരണ സമിതിയിൽ താഴെപ്പറയും പ്രകാരം സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.<br>1. സഹകരണ നിയമം വകുപ്പ് 28 (എ) അനുസരിച്ച് ആകെയുള്ള സീറ്റുകളിൽ 3 സീറ്റുകൾ വനിതാ അംഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്നു.<br>2. സഹകരണ നിയമം വകുപ്പ് 28 (എ) അനുസരിച്ച് ഒരു സീറ്റ് എസ്.സി/എസ്.റ്റി അംഗത്തിനായി സംവരണം ചെയ്തിരിക്കുന്നു.<br>3. സഹകരണ നിയമം വകുപ്പ് 28 (1C) പ്രകാരം പ്രാഥമിക വായ്പാ സംഘങ്ങളിലും അർബൻ സഹകരണ ബാങ്കുകളിലും ഒരു സീറ്റ്, പതിനായിരമോ അതിൽ കൂടുതലോ തുക നിക്ഷേപിച്ചിട്ടുള്ള അംഗത്തിനായി സംവരണം ചെയ്തിരിക്കുന്നു.<br>4. സഹകരണ നിയമം വകുപ്പ് 28 AA പ്രകാരം അർബൻ സഹകരണ ബാങ്കുകളിലെ ഭരണസമിതിയിൽ രണ്ടിൽ കുറയാത്ത സീറ്റുകൾ ബാങ്കിംഗ് മേഖലയിലെ പ്രവർത്തന പരിചയമോ അല്ലെങ്കിൽ പ്രൊഫഷണൽ യോഗ്യതയുള്ളവർക്കോ ആയി സംവരണം ചെയ്തിരിക്കുന്നു. |

മത്സരാർത്ഥികളിൽ നിശ്ചിത ശതമാനം സഹകരണ വിഷയങ്ങളിൽ പരിജ്ഞാനം നേടിയിട്ടുള്ളവരായിരിക്കണമെന്ന ആവശ്യം ഉൾപ്പെടുത്തി നിയമഭേദഗതി നടത്തുവാൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) & (സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(സി) പ്രസ്തുത ഭേദഗതി മൂലം സ്ഥാപനങ്ങൾക്ക് എന്തെങ്കിലും പ്രയോജനം ഉണ്ടോ എന്ന കാര്യം പഠിക്കുവാൻ പ്രത്യേക കമ്മിറ്റിയെ നിയോഗിക്കുവാൻ തയ്യാറാകുമോ?

സെക്ഷൻ ഓഫീസർ